പ്രവർത്തനങ്ങൾക്കെതിരായി കർശനമായ, പ്രതികാരവാഞ്ഛയോടുകൂടിയ പ്രവർത്തനം ഈ സ്ഥാപനം നിരന്തരമായി നടത്തുന്നു എന്നതു മനസ്സിലാക്കിയെങ്കിലും അതില്ലായ്മചെയ്യാൻ ലേബർ വകുപ്പ് മുൻകൈയെടുക്കുമോ?

ശ്രീ. എം. കെ. രാഘവൻ: അത്തരം കാര്യങ്ങൾ പ്രത്യേകമായി ശ്രദ്ധയിൽപ്പെടുത്തിയാൽ വേണ്ട നടപടി സ്വീകരിക്കുന്നതാണ്. അക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനും ഗവൺമെൻറ് തയ്യാറാണ് എന്നു നേരത്തെ വ്യക്തമാക്കിയതാണ്.

ശ്രീ. ചടയൻ ഗോവിന്ദൻ: കണ്ണൂർ കെൽട്രോൺ സ്ഥാപനത്തിൽ നിന്നു പിരിച്ചുവിടപ്പെട്ട മോഹനൻ എന്ന ചെറുപ്പക്കാരന്റെ പ്രശ്നം കോഴിക്കോട് തൊഴിൽക്കോടതിയിലാണുള്ളതെന്നു പറഞ്ഞു. തൊഴിൽക്കോടതിയിൽച്ചെല്ലുന്ന കേസുകൾക്ക് വളരെയധികം കാലതാമസമുണ്ടാകുമെന്നുള്ളതു നമുക്കെല്ലാമറിയാം. തൊഴിൽക്കോടതിയിൽ വിടുന്നതിനു മുമ്പുള്ള എല്ലാ കൺസിലിയേഷൻ നടപടികളും കഴിഞ്ഞതിനുശേഷമാണോ അവിടേക്ക് വിട്ടത്?

ശ്രീ. എം. കെ. രാഘവൻ: മറ്റൊരു തൊഴിൽപ്രശ്നം തൊഴിൽക്കോടതിയിൽ നിലനിൽക്കുന്ന അവസരത്തിലാണ് മോഹനന്റെ പേരിൽ നടപടിയെടുത്തതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഡൊമസ്റ്റിക് എൻക്വയറി കഴിഞ്ഞു ശിക്ഷ കൊടുത്തശേഷം അംഗീകാരത്തിനുവേണ്ടി തൊഴിൽക്കോടതിയിലേക്ക് വിട്ടു എന്നാണെന്റെ ഓർമ്മ. തൊഴിൽക്കോടതിയിൽ ചെല്ലുന്നതിനുമുമ്പ് കൺസിലിയേഷൻ മെഷിനറിക്ക് ഇടപെടാനുള്ള സൗകര്യമുണ്ടായിട്ടില്ല.

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള റിസർവേഷൻ വർദ്ധനവ്

* 42 [45] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ സാമൂഹ്യവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി–പട്ടിക വർഗ്ഗങ്ങളിലേക്ക് ഈയിടെയായി എത്താനും സമുദായക്കാരെക്കൂടി ഉൾപ്പെടുത്തിയതുകൊണ്ട് ഓരോ വിഭാഗത്തിലും മുമ്പുണ്ടായിരുന്ന റിസർവേഷൻ വർദ്ധിപ്പിക്കുവാൻ വല്ല നടപടിയും ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, എന്തെല്ലാം?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ് മന്ത്രി (ശ്രീ. ഓമ്മോ ഉരൻ കാളാശ്ശേരി):

(എ) പുതുതായി ഒരു സമുദായത്തേയും ഇതുവരെ പട്ടികജാതി–പട്ടികവർഗ്ഗലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഏകീകൃതസ്വഭാവം വരുത്താനായി പട്ടികജാതി–പട്ടികവർഗ്ഗങ്ങളിൽപ്പെട്ട ചില സമുദായങ്ങളെ 27–7–1977 മുതൽ പ്രാബല്യത്തിൽവന്ന കേന്ദ്രഗവൺമെൻറ് നിയമപ്രകാരം പരസ്പരം മാറ്റിയിട്ടേയുള്ളു. അതുകൊണ്ട് പട്ടികജാതി–പട്ടികവർഗ്ഗക്കാർക്ക് നിലവിലുള്ള സംവരണശതമാനം വർദ്ധിപ്പിക്കാൻ തീരുമാനമൊന്നുമെടുത്തിട്ടില്ല.

(ബി) ഉദ്ഭവിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാമൻ: 27-7-1977 മുതൽ ഏതാനും സമുദായക്കാരെ പട്ടികജാതി-പട്ടികവർഗ്ഗലിസ്റ്റിൽ ഉൾപ്പെടുത്തി എന്നു പറഞ്ഞു. അതിനുശേഷം ഇവരുടെ ജനസംഖ്യയിൽ എത്ര വർദ്ധനവുണ്ടായിട്ടുണ്ട്?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതിനു പ്രത്യേക ചോദ്യം ചോദിക്കണം; സ്ഥിതിവിവരക്കണക്കുകൾ എടുക്കേണ്ടതുണ്ട്.

ശ്രീ. കെ. പി. രാമൻ: പട്ടികജാതി-പട്ടികവർഗ്ഗത്തിലേക്ക് ഇനി ഏതെങ്കിലും വിഭാഗക്കാരെ ഉൾപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ. ഉണ്ടെങ്കിൽ ഏതൊക്കെയാണെന്നു വിശദമാക്കാമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ചില സമുദായങ്ങളെക്കൂടി ഉൾപ്പെടുത്തണമെന്നു കേന്ദ്രത്തിൽ റെക്കമെൻറ് ചെയ്തിട്ടുണ്ട്. പ്രത്യേക ചോദ്യം തരികയാണെങ്കിൽ അന്വേഷിച്ചു പറയാം.

ശ്രീ. എം. കെ. കൃഷ്ണൻ: ഇപ്പോഴത്തെ ഈ വിഭാഗക്കാർക്ക് ഇവിടെ കൊടുത്തിട്ടുള്ള പ്രാതിനിധ്യം ജനസംഖ്യാനുപാതികമായി നോക്കിയാൽ ശരിയല്ലെന്നും അതുകൊണ്ട് പ്രാതിനിധ്യം ഉയർത്തണമെന്നും കേന്ദ്രത്തിൽ നിന്നും വല്ല നിർദ്ദേശവും കിട്ടിയിട്ടുണ്ടോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: സംസ്ഥാനഗവൺമെൻറിന്റെ മുമ്പിൽ ധാരാളം നിവേദനങ്ങളുണ്ട്. ആ നിവേദനങ്ങളുടെ വെളിച്ചത്തിൽ റെപ്രസന്റേഷൻ കൂടുതലാക്കുന്നതിനുള്ള നടപടി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. കെ. കൃഷ്ണൻ: കേന്ദ്ര പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷണർതന്നെ ഉദ്യോഗസംവരണത്തിലുള്ള പ്രാതിനിധ്യം കുറവാണെന്നും അതുയർത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ടോ എന്നാണ് ഞാൻ ചോദിച്ചത്.

ശ്രീ. ദാമോദരൻ കാളാശ്ശേരി: കേന്ദ്രഗവൺമെൻറിന്റെ കമ്മീഷൻ ഇവിടെ വന്നപ്പോഴും ഈ നിർദ്ദേശം വച്ചിട്ടുണ്ട്.

ശ്രീ. എം. സത്യനേശൻ: അവശക്രൈസ്തവരെക്കൂടി ഈ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നു ശുപാർശ ചെയ്തിട്ടുണ്ടോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതു ഇൻഡ്യാ ഗവൺമെൻറാണ് തീരുമാനിക്കേണ്ടത്. അവർക്ക് കൊടുക്കാവുന്ന എല്ലാ ആനുകൂല്യങ്ങളും ഗവൺമെൻറ് കൊടുക്കുന്നുണ്ട്.

ശ്രീ. കല്ലട നാരായണൻ: പട്ടിക വർഗ്ഗത്തിൽപ്പെട്ട ആളുകളെ പട്ടികജാതിയിൽ പെടുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ആരെല്ലാമാണ്?

ശ്രീ. ദാമോദരൻ കാളാശ്ശേരി: പട്ടികജാതിയിൽപ്പെട്ടിരുന്ന ഉള്ളാട സമുദായത്തെയും ഊരാളി സമുദായത്തെയും പട്ടികവർഗ്ഗത്തിലും പട്ടിക വർഗ്ഗത്തിൽപ്പെട്ട പുലയസമുദായത്തെ പട്ടികജാതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാഘവൻമാസ്റ്റർ: ഇന്നുള്ള പട്ടികജാതിക്കാരുടെ സെൻസസ് ശരിയല്ലെന്നും പലരേയും ഇനിയും ഉൾപ്പെടുത്തേണ്ടതുണ്ടെന്നും ഇനിയും ചില സമുദായക്കാരുടെ കാര്യം ശുപാർശ ചെയ്തിട്ടുണ്ടെന്നും ഉള്ളതു ശരിയാണോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതു പരിശോധിച്ചു ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. കെ. പി. നൂറുദ്ദീൻ: പട്ടികവർഗ്ഗത്തിൽപ്പെടുത്തേണ്ട ചില സമുദായക്കാരെ ഉൾപ്പെടുത്താൻ വിട്ടുപോയതിനെത്തുടർന്നു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ചില സമുദായങ്ങളെ പട്ടികജാതിയിൽനിന്നും നീക്കി എന്നുള്ള പരാതിയുണ്ട്. അതു ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അക്കാര്യം റെക്കമെൻറ് ചെയ്തിട്ടുണ്ട്.

ശ്രീ. ടി. എം. ജേക്കബ്: പട്ടികജാതി–പട്ടികവർഗ്ഗത്തിൽനിന്നു മതപരിവർത്തനം ചെയ്ത ക്രിസ്ത്യാനികൾ ഇന്നു പട്ടികജാതിക്കാരെപ്പോലെതന്നെ പിന്നോക്കാവസ്ഥയിലാണെന്ന കാര്യം പരിഗണിച്ചു അവർക്കെന്തെങ്കിലും ആനുകൂല്യം ചെയ്തുകൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതു ഇൻഡ്യാഗവൺമെൻറിന്റെ പരിധിയിൽ വരുന്ന കാര്യമാണ്. സംസ്ഥാനഗവൺമെൻറിനു കൊടുക്കാൻ കഴിയുന്ന എല്ലാ ആനുകൂല്യങ്ങളും കൊടുക്കുന്നുണ്ട്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: അവശക്രൈസ്തവർക്ക് ഹരിജനങ്ങൾക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും നൽകുന്നുണ്ടെന്നു പറഞ്ഞു. അവശക്രൈസ്തവർക്ക് ഉദ്യോഗസംവരണത്തിൽ ഹരിജനങ്ങൾക്ക് നൽകുന്ന പ്രാതിനിധ്യം കൊടുക്കുന്നുണ്ടോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഈ സംസ്ഥാനഗവൺമെൻറിനു ചെയ്യാൻ കഴിയുന്ന ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്. മറ്റു കാര്യങ്ങളുടെ കാര്യത്തിൽ ഇൻഡ്യാ ഗവൺമെൻറിന്റെ ഡയറക്ഷൻ വേണം.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഉദ്യോഗസംവരണത്തിന്റെ കാര്യത്തിൽ തീരുമാനമെടുക്കുന്നതിനു കേന്ദ്രഗവൺമെൻറിന്റെ അനുമതി ആവശ്യമില്ലെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

(ഉത്തരമില്ല)

ശ്രീ. പി. കരുണാകരൻ: ഈയിടെ ചില സമുദായക്കാരെക്കൂടി പട്ടികജാതി–പട്ടികവർഗ്ഗലിസ്റ്റിലുൾപ്പെടുത്തിയതായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അതു കേന്ദ്രഗവൺമെൻറിന്റെ റെക്കമെൻറേഷനനുസരിച്ചാണോ അതോ മെമ്മോറാണ്ടങ്ങളുടെ അടിസ്ഥാനത്തിലാണോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഗവൺമെൻറിനു കിട്ടിയിട്ടുള്ള മെമ്മോറാണ്ടങ്ങളും മറ്റും പരിശോധിച്ച് അങ്ങനെ വേണമെന്നു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രത്തിൽ ശുപാർശ സമർപ്പിക്കുകയാണ് ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly